ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രിയുടെ യു കെ, മാൽദീവ്സ് സന്ദർശനത്തിന് തുടക്കമായി, സാമ്പത്തിക സഹകരണം, തൊഴിലവസരങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്താൻ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി.

   **Prime Minister's visit to UK and Maldives kicks off, says visit will pave way for improving economic partnership, employment opportunities.**

2) വർഷകാല സമ്മേളനത്തിൻറെ മൂന്നാം ദിനത്തിലും പാർലമെൻറിൻറെ ഇരു സഭകളും പ്രക്ഷുബ്ധം, പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Proceedings of both the Houses of Parliament were disrupted for the third day of monsoon session, both Houses adjourned for today following opposition protests.**

3) അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് അന്ത്യാഭിവാദ്യം അർപ്പിച്ച് കേരളം, സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയ ചുടുകാട്ടിൽ.

   **Kerala pays last respects to former Chief Minister and senior communist leader VS Achuthanandan, cremation in Alappuzha with official honours.**

4) ആറു ദശലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കും വിധം ഇന്ത്യയുടെ വിവരസാങ്കേതികവിദ്യാ മേഖല

അതിശക്തമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്.

**India's IT sector is so strong that it can provide employment to more than six million people, says Union Minister for Information and Broadcasting Ashwini Vaishnaw.**

5) ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം മാഞ്ചസ്റ്ററിലെ ഓൾഡ് ട്രാഫോർഡ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു.

**The fourth match of the India-England Test cricket series is underway at the Old Trafford Cricket Ground in Manchester.**

*********************

## PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ, മാൽദീവ്സ് സന്ദർശനത്തിന് തുടക്കമായി. ഇരുരാജ്യങ്ങളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്താനും സാമ്പത്തിക സഹകരണം, തൊഴിലവസരങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്താനും സന്ദർശനം വഴിയൊരുക്കുമെന്ന് യാത്ര പുറപ്പെടും മുൻപ് നൽകിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ യു.കെ-യിലെത്തുന്ന ശ്രീ മോദി യു കെ പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായും, ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനുമായും കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകളും സന്ദർശനത്തിൻറെ ഭാഗമായി നടക്കും. രണ്ട് ദിവസത്തെ യുകെ പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി മറ്റന്നാൾ മാൽദീവ്സിലെത്തും. മാൽദീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയിസുവിൻറെ ക്ഷണ പ്രകാരമാണ് സന്ദർശനം. 26 ന് നടക്കുന്ന മാൽദീവ്സ് 60-ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയായി പങ്കെടുക്കും.

*********************

## REV. EVE. PM- LONDON (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു കെ സന്ദർശനം ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് യുകെയിലെ

ഇന്ത്യൻ ഹൈക്കമ്മീഷണർ വിക്രം കുമാർ ദൊരൈസ്വാമി. ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാരകരാർ ഇരു സമ്പദ്‌വ്യവസ്ഥകളിലും ഗുണകരമായ സ്വാധീനം ചെലുത്തുമെന്നും, ഭാവിയിലേക്കുള്ള കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു പുതിയ പങ്കാളിത്തം കെട്ടിപ്പടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയ്സ്)

********************

## LS – RS – ADJOURN

വർഷകാല സമ്മേളനത്തിൻറെ മൂന്നാം ദിനമായ ഇന്നും, പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും പ്രക്ഷുബ്ധമായി. രാവിലെ 11 മണിക്ക് സഭാ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ ബിഹാറിലെ വോട്ടർപട്ടിക പരിഷ്ക്കരണവും മറ്റ് വിഷയങ്ങളും ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം ഇരു സഭകളിലും പ്രതിഷേധം ഉയർത്തി. പ്രതിഷേധത്തിനിടെ ലോക്സഭയിൽ ദേശീയ കായിക ഭരണനിർവഹണ ബിൽ 2025 കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ അവതരിപ്പിച്ചു. പ്രതിഷേധം രൂക്ഷമായതോടെ ഇരുസഭകളും ഉച്ചക്ക് രണ്ടു മണി വരെ നിർത്തി വെച്ചെങ്കിലും സഭ വീണ്ടും ചേർന്നപ്പോൾ പ്രതിപക്ഷം പ്രതിഷേധം തുടർന്നതോടെ ഇരുസഭകളും നടപടിക്രമങ്ങൾ നിർത്തിവെച്ച് ഇന്നത്തേക്ക് പിരിയുകയായിരുന്നു.

********************

## PAR–RAHUL

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തലിന് മധ്യസ്ഥത വഹിച്ചെന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അവകാശവാദത്തെ കുറിച്ചുമുള്ള പ്രതിപക്ഷ ചോദ്യങ്ങൾക്ക് സർക്കാർ മറുപടി നൽകുന്നില്ലെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. പാർലമെന്റ് മന്ദിരത്തിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

********************

## LS - BILLS

ദേശീയ കായിക ഭരണനിർവഹണ ബിൽ 2025 കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ ലോക്സഭയിൽ അവതരിപ്പിച്ചു. കായികരംഗത്തെ വികസനത്തിന് പിന്തുണ നൽകുക, കായികതാരങ്ങളുടെ ക്ഷേമം ഉറപ്പാക്കുക തുടങ്ങിയവയാണ് ബിൽ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. കായികരംഗത്തെ പരാതികളും തർക്കങ്ങളും നീതിയുക്തവും ഫലപ്രദവുമായി പരിഹരിക്കുക എന്നതും ബില്ലിന്റെ ഉദ്ദേശലക്ഷ്യമാണെന്ന് ശ്രീ മാണ്ഡവ്യ പറഞ്ഞു. 2022 ലെ ദേശീയ ഉത്തേജക വിരുദ്ധ നിയമത്തിൽ മാറ്റങ്ങൾ വരുത്തുന്ന ദേശീയ ഉത്തേജക വിരുദ്ധ (ഭേദഗതി) ബില്ലും ശ്രീ മാണ്ഡവ്യ ലോക്സഭയിൽ അവതരിപ്പിച്ചു.

*********************

## L MURUGAN

രാജ്യത്തെ ആകാശവാണി, ദൂരദർശൻ കേന്ദ്രങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനുമുള്ള നടപടികൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ. പ്രക്ഷേപണ ഉപകരണങ്ങളുടെ ഡിജിറ്റലൈസേഷനും നവീകരണവും, സ്റ്റുഡിയോ, ട്രാൻസ്മിറ്റർ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗം തുടങ്ങിയവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രസഹമന്ത്രി ലോക്സഭയിൽ അറിയിച്ചു. 2,539.61 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

*********************

## GEORGE KURIAN

കേരള തീരത്ത് കഴിഞ്ഞ മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ കപ്പൽ അപകടങ്ങളുടെ പശ്ചാത്തലത്തിൽ ദുരിതബാധിതരായ ഒരു ലക്ഷത്തിലേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്ന് 1000 രൂപ വീതവും 6 കിലോ അരിയും നൽകിയതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. CMFRI നടത്തിയ പഠനത്തിൽ ഈ മേഖലയിലെ മത്സ്യ സാമ്പിളുകൾ സുരക്ഷിതമാണെന്നും കണ്ടെത്തിയിട്ടുണ്ട്. കെ.സി വേണുഗോപാൽ എം.പിയുടെ ചോദ്യത്തിന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് കേന്ദ്രസഹമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

********************

## V. S. Achuthanandan (INTRO)

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് അന്ത്യാഭിവാദ്യം അർപ്പിച്ച് കേരളം. പൊതുദർശനം ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിൽ തുടരുകയാണ്. സിപിഐഎം ജില്ലാ കമ്മിറ്റി ഓഫീസിലും, പുന്നപ്രയിലെ വിഎസിൻറെ വസതിയിലും പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ സമൂഹത്തിൻറ നാനാതുറയിലുള്ളവർ അന്തിമോപചാരം അർപ്പിച്ചു. പതിനായിരങ്ങളാണ് പ്രിയനേതാവിനെ അവസാനമായി ഒരുനോക്ക് കാണാൻ ആലപ്പുഴ കടപ്പുറത്ത് നിലയുറപ്പിച്ചിരിക്കുന്നത്. വിഎസിൻറെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയ ചുടുകാട്ടിൽ ഇന്ന് നടക്കും. നാലു മണിക്കാണ് സംസ്കാരം നിശ്ചയിച്ചിരുന്നത് എങ്കിലും ജനത്തിരക്കു കാരണം വൈകുകയാണ്.
വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....
(വോയ്സ്)

********************

## VICE PRESIDENT

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. ജഗ്ദീപ് ധൻഖർ ഉപരാഷ്ട്രപതി സ്ഥാനത്തും നിന്നും തിങ്കളാഴ്ച രാജി വച്ച സാഹചര്യത്തിലാണ് നടപടി. രാജ്യസഭയിലെയും ലോക്സഭയിലെയും തിരഞ്ഞെടുക്കപ്പെട്ടതും നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങളെ ഉൾപ്പെടുത്തി ഇലക്ടറൽ കോളേജ് സജ്ജമാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഒരുക്കങ്ങൾ പൂർത്തിയായ ഉടൻ തിരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിക്കും.

********************

## LS-INDIA AI MISSION

ഇന്ത്യയുടെ വിവരസാങ്കേതികവിദ്യാ മേഖല അതിശക്തമാണെന്ന് കേന്ദ്രസർക്കാർ. രാജ്യത്തെ ഐടി മേഖലയിലെ ആകെ വാർഷിക വരുമാനം 250 ബില്യൺ ഡോളറിലേറെയാണെന്നും ആറ് ദശലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ പറഞ്ഞു. രാജ്യത്തിന്റെ വികസന ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി കഴിഞ്ഞ വർഷം മാർച്ചിൽ കേന്ദ്രസർക്കാർ ഇന്ത്യാ എഐ മിഷൻ സംരംഭത്തിന് തുടക്കം കുറിച്ചതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

********************

## HARDEEP - ETHANOL BLENDING

രാജ്യത്ത് 20 ശതമാനം എത്തനോൾ ചേർത്ത പെട്രോൾ ലഭ്യമാക്കുക എന്ന ലക്ഷ്യം പ്രതീക്ഷിച്ചതിലും 5 വർഷം മുമ്പ് കൈവരിച്ചതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. 2014 ൽ 1.5 ശതമാനം എത്തനോൾ ചേർത്ത പെട്രോൾ ലഭ്യമാക്കിയിരുന്നതിൽ നിന്ന് ഘട്ടംഘട്ടമായാണ് 20 ശതമാനം എന്ന ലക്ഷ്യത്തിലേക്കെത്തിയതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. 698 ലക്ഷം ടൺ കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനം കുറയ്ക്കാനായെന്നും ശ്രീ ഹർദീപ് സിംഗ് പുരി വ്യക്തമാക്കി.

********************

## IND VS ENG TEST

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം മാഞ്ചസ്റ്ററിലെ ഓൾഡ് ട്രാഫോർഡ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇംഗ്ലണ്ട് ഇന്ത്യയെ ബാറ്റിംഗിനയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 122 റൺ എന്ന നിലയിലാണ്. യശസ്വി ജയ്സ്വാൾ അർദ്ധസെഞ്ച്വറി നേടി. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്. പരമ്പരയിലെ അവസാന മത്സരം ഈ മാസം 31ന് കെന്നിംഗ്ടണിൽ ആരംഭിക്കും.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി *'മൻ കീ ബാത്"* ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും മറ്റന്നാൾ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

*********************

## Karkkadaka Vavu

നാളെ കർക്കടകവാവ്. പിതൃ മോക്ഷം തേടി ആയിരങ്ങൾ നാളെ ബലിതർപ്പണ ചടങ്ങുകളിൽ പങ്കെടുക്കും. സംസ്ഥാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും ഉൾപ്പടെ വാവുബലിക്കായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ബലി തർപ്പണത്തോട് അനുബന്ധിച്ച് വിവിധയിടങ്ങളിൽ നിന്നും കെഎസ്ആർടിസി പ്രത്യേക സർവീസ് നടത്തും. പോലീസിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ശക്തമായ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

*********************

## AKASHAVANI DIRECTOR GENERAL

വാർത്തകൾ പക്ഷഭേദമില്ലാതെ നൽകാനുള്ള പ്രതിബദ്ധത രാഷ്ട്രത്തോടുള്ള ഉത്തരവാദിത്തമാണെന്ന് ആകാശവാണി ഡയറക്ടർ ജനറൽ ഡോ. പ്രഗ്യാ പലിവാൾ ദേശീയ പ്രക്ഷേപണദിന സന്ദേശത്തിൽ പറഞ്ഞു. കാലാകാലങ്ങളായി ആകാശവാണി വാർത്തകൾ സത്യത്തിൻറെ പ്രതീകമായി നിലകൊള്ളുകയാണെന്നും ഡയറക്ടർ ജനറൽ ചൂണ്ടിക്കാട്ടി.

********************

**************

*****